**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 6** **28.11.2018 -ൽ മറുപടിക്ക്.**

**റേഷൻ കടകളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, വി.ആർ. സുനിൽ കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(എ) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2000/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 2,90,00,000/- (രണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ) രൂപ "3456-00-001-78-Assistance to the implementation of NFSA – 2013(State Plan)" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് 18.07.2018 ലെ സ.ഉ.(സാധാ.) നം. 356/2018/ഭ.പൊ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെ പറയുന്ന രീതിയിലാണ് റേഷൻ കടകളുടെ നവീകരണം നിർവ്വഹിക്കുന്നത്.

1. നിശ്ചിത മാതൃകയിലുള്ള നെയിം ബോർഡ് സ്ഥാപിക്കുക [6*2/4*3 (കടയുടെ മുൻവശത്തിന്റെ വിസ്തീർണ്ണം അനുസരിച്ച്), G.I Sheet, 4mm thickness, colour red/yellow].
2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/ വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക (3*2, white foam board material + clear sticker).
3. പരാതിപ്പെട്ടി എല്ലാ റേഷൻകടകളിലും സ്ഥാപിക്കുക (Material – iron/steel with Red paint, size 300mm L*445mm H*140mm W).
4. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക
5. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച

| | |
|---|---|
| | മാതൃകയിൽ പെയിന്റ് ചെയ്യുക (Shutter white, Centre branding icon, Left side cross bar (red & yellow), e-PDS logo).<br>സപ്ലൈകോ മുഖേന വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻ കടകളിലൂടെ വിൽപ്പന നടത്തി വൈവിദ്ധ്യവൽക്കരിക്കുന്നതിനും റേഷൻവിതരണത്തെ ബാധിക്കാത്ത രീതിയിലുള്ള മറ്റ് ചില സംരംഭങ്ങളും ഏർപ്പെടുത്തി റേഷൻ വ്യാപാരികളെ കൂടുതൽ സാമ്പത്തിക ഭദ്രമാക്കുന്നതിനുമായി പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. |
| **(ബി)** റേഷൻ കടകൾ വഴി പുതുതായി എന്തെല്ലാം സേവനങ്ങൾ നല്കാനാണ് ഉദ്ദേശിക്കുന്നത് ; | **(ബി)** റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്. ഇതോടനുബന്ധിച്ച് ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ലീഡ് ബാങ്ക് ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദമായ ശുപാർശകൾ ബാങ്കുകളിൽ നിന്നും ക്ഷണിച്ചുകൊണ്ട് EOI (Expression of Interest) document പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ കടയുടമകൾക്ക് പ്രതിമാസം കമ്മീഷൻ ഇനത്തിൽ ഒരു നിശ്ചിത തുക ലഭിക്കുകയും കൂടുതൽ ഇടപാടുകൾ നടത്തുന്നപക്ഷം ആനുപാതികമായി ഇൻസെന്റീവും ലഭിക്കുന്നതാണ്. കേരള സ്റ്റേറ്റ് ലോട്ടറിയുടെ ഏജൻസി നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. |
| **(സി)** റേഷൻ കടകളിൽ പി.ഒ.എസ് (പോയിന്റ് ഓഫ് സെയിൽ) സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | **(സി)** സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നെറ്റ് വർക്കുള്ള സ്ഥലങ്ങളിൽ ഓൺലൈനായും ഇല്ലാത്ത ചില ഇടങ്ങളിൽ ഓഫ് ലൈൻ മോഡ്യൂൾ വഴിയും റേഷൻ വിതരണം നടത്തി വരുന്നു. ഉപഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ OTP (One time password) വഴി ആതന്റിക്കേറ്റ് ചെയ്യും. OTP യും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്തി വരുന്നു. |

| | |
|---|---|
| (ഡി) റേഷൻ കാർഡിനെ ആധാറുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള സംവിധാനം സപ്ലൈകോയിലും കൊണ്ടു വരുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) റേഷൻ കാർഡിനെ ആധാറുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള സംവിധാനം സപ്ലൈകോയിലും കൊണ്ടു വരുന്നത് സംബന്ധിച്ച വിഷയം ആലോചിച്ചു വരുന്നു. |

***സെക്ഷൻ ഓഫീസർ***